പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4573 17.12.2014 ലെ മറുപടിയ്ക്ക്

## സീ-പ്ലെയിൻ പദ്ധതി

| ചോദ്യം<br>ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സീ-പ്ലെയിൻ പദ്ധതി എന്നാണ് ആരംഭിച്ചത്; ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കിയത്; ഏതൊക്കെ സ്ഥലങ്ങളിൽ നടപ്പിലാക്കി; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 02.06.2013 ന് കൊല്ലം അഷ്ടമുടിയിൽ ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. പദ്ധതിയുടെ നോഡൽ ഏജൻസിയായി ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെയാണ് (കെ.ടി.ഐ.എൽ) നിയോഗിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡ് നടത്തിയ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ അഷ്ടമുടി, പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ എന്നീ മുൻഗണനാ പ്രദേശങ്ങളിൽ അഷ്ടമുടി, പുന്നമട എന്നിവിടങ്ങളിൽ മാത്രമാണ് അടിസ്ഥാന സൗകര്യവികസനം പൂർത്തീകരിച്ചത്. |
| ബി) | സീ-പ്ലെയിൻ പദ്ധതിക്ക് നിക്ഷേപം കണ്ടെത്തിയത് ഏതൊക്കെ മാർഗ്ഗത്തിലൂടെയാണ് ; ഇതിൽ സംസ്ഥാന സർക്കാരും സർക്കാരിതര ഏജൻസികളും കൂടി എത്ര രൂപ നിക്ഷേപം നടത്തിയിട്ടുണ്ട് ; പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ? | ബി) | സീപ്ലെയിൻ പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാട്ടർ ഡ്രോമും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നിർവ്വഹിക്കുന്നത്. ഇതിനാവശ്യമായ നിക്ഷേപം സർക്കാർ നേരിട്ടാണ് നടത്തുന്നത്, അടിസ്ഥാന സൌകര്യം ഒരുക്കുന്നതിന് 5,68,09,202/- രൂപയാണ് നിക്ഷേപം നടത്തിയിട്ടുള്ളത്. കേന്ദ്ര സർക്കാർ ഏജൻസികളായ ഡി.ജി.സി.എ., ബി.സി.എ.എസ്. സിവിൽ ഏവിയേഷൻ മുതലായവയിൽ നിന്നും അനുമതി ലഭിക്കുന്ന സ്വകാര്യ ഓപ്പറേറ്റർമാർക്ക് "ഓപ്പൺ സ്കൈ പോളിസി" പ്രകാരം സർവ്വീസ് നടത്താവുന്ന രീതിയിലാണ് ഇപ്പോൾ വിഭാവനം ചെയ്തിരിക്കുന്നത്. ആയതിനാൽ സർക്കാരിതര ഏജൻസികളുടെ നിക്ഷേപം സംബന്ധിച്ച വിവരം ലഭ്യമല്ല. പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാട്ടർ ഡ്രോമും മറ്റ് അനുബന്ധ സൗകര്യങ്ങളും മുൻഗണനാ പ്രദേശങ്ങളായ |

| | | - 2 - | |
|---|---|---|---|
| | | | അഷ്ടമുടി, പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ മുതലായ പ്രദേശങ്ങളിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇവയിൽ കൊല്ലത്തും പുന്നമടയിലും പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിമാനത്താവളങ്ങളെ പദ്ധതിയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. പൂർണ്ണ തോതിലുള്ള ജലവിമാന സർവ്വീസ് ജനുവരിയോടെ ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ